**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2704** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഇരട്ട വീട് കോളനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ ഹൗസിംഗ് ബോർഡ് നൽകിയിട്ടുള്ള ഇരട്ട വീടുകളുടെ കോളനികൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് ഹൗസിംഗ് ബോർഡ് സ്വീകരിച്ച് വരുന്നത്; | (എ) | എം.എൻ. ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കി മാറ്റാനും വാസയോഗ്യമല്ലാത്ത വീടുകൾ പുനർ നിർമ്മിക്കുന്നതിനുമായി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6.16 കോടി രൂപ വിവിധ ജില്ലകളിലായി 154 വീടുകളുടെ നിർമ്മാണത്തിനായി 4 ലക്ഷം രൂപ 4 ഗഡുക്കളായി അനുവദിക്കുവാനുള്ള പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ പട്ടികയിൽ തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമ പഞ്ചായത്തിലെ 19 വീടുകൾക്കായി അനുമതി നൽകിയിരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും അപേക്ഷകൾ ഹൗസിംഗ് ബോർഡിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ; | (ബി) | ടി വിഷയം സംബന്ധിച്ച് ഇതുവരെ ഹൗസിംഗ് ബോർഡിന് അപേക്ഷ ഒന്നും ലഭ്യമായിട്ടില്ല. |
| (സി) | കൈപ്പമംഗലം മണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ വീട് നിർമ്മിക്കുന്നതിന് നിലവിൽ പദ്ധതികൾ ഏതെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ നൽകാമോ; | (സി) | കൈപ്പമംഗലം മണ്ഡലത്തിൽ നിലവിൽ ഭവന നിർമ്മാണ ബോർഡിന് വീട് നിർമ്മിക്കുന്നതിന് പദ്ധതികളൊന്നുമില്ല. |
| (ഡി) | ഹൗസിംഗ് ബോർഡിന്റെ എന്തെല്ലാം പുതിയ പദ്ധതികളാണ് കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ഗൃഹശ്രീ പദ്ധതിക്കായി അപേക്ഷ നൽകുന്ന ഗുണഭോക്താക്കളെ ബോർഡ് പരിഗണിക്കുന്നതാണ്. അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക്, കൈപ്പമംഗലത്ത് ദുർബല/താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. മതിലകം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പദ്ധതി പരിഗണനയിലുണ്ടെങ്കിലും ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ സ്ഥലം ഭവന നിർമ്മാണ ബോർഡിന് കൈമാറിയിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ